# ഓൺലൈൻ തട്ടിപ്പ്; തലവൻ പിടിയിൽ

### ഹിമാചൽ സ്വദേശിയെ നേരത്തെ അറസ്റ്റു ചെയ്തിരുന്നു

**പത്തനംതിട്ട ▸** എ.ടി.എം. കാർഡിന്റെ രഹസ്യ നമ്പർ കൈവശപ്പെടുത്തി പണംതട്ടുന്ന സംഘത്തിന്റെ തലവൻ അറസ്റ്റിലായി. ഝാർഖണ്ഡ് സ്വദേശി രാജൻ കുമാർസിങ്ങി(24)നെയാണ് പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ജേക്കബ് ജോബിന്റെ നേതൃത്വത്തിലുള്ള ഷാഡോ പോലീസ് പിടികൂടിയത്.

ഇയാൾ ഡൽഹി ഉത്തംനഗറിൽ നാനേപാർക്കിൽ താമസിച്ചാണ് തട്ടിപ്പു നടത്തിയിരുന്നത്. ഈ കേസിൽ ഹിമാചൽ സ്വദേശി അഷിഷ് ദമാനെ പത്തുദിവസം മുൻപ് അറസ്റ്റു ചെയ്തിരുന്നു.

പന്തളം സി.എം.ആശുപത്രിയിലെ ഡോ. പ്രേം കൃഷ്ണൻ നൽകിയ പരാതിയിൽ നടത്തിയ അന്വേഷണത്തിനൊടുവിലാണ് ഇയാൾ അറസ്റ്റിലായത്. ഡോ. പ്രേമിന്റെ അക്കൗണ്ടിൽനിന്ന് 39,000 രൂപ നഷ്ടമായിരുന്നു.

## തട്ടിപ്പ് ഇങ്ങനെ

ഓൺലൈൻ ഇടപാടുകാരെയാണ് പ്രധാനമായും തട്ടിപ്പിനിരയാക്കുന്നത്. ഓൺലൈൻ സൈറ്റുകളിൽ നിന്ന് ഇടപാടുകാരുടെ മൊബൈൽ നമ്പർ, ഡെബിറ്റ് കാർഡ് നമ്പർ എന്നിവയെടുത്ത ശേഷം ബാങ്കിന്റെ ഹെഡ് ഓഫീസിൽ നിന്നെന്ന വ്യാജേന സ്ത്രീകളെക്കൊണ്ട് വിളിപ്പിക്കും.



രാജൻ കുമാർ സിങ്

നിലവിലെ എ.ടി.എം. കാർഡ് കാലാവധി കഴിഞ്ഞെന്നും പുതിയ ചിപ്പു വെച്ച കാർഡ് നൽകുമെന്നും പറഞ്ഞ് വിശ്വസിപ്പിക്കും.

ഇംഗ്ലീഷ് ഉൾപ്പെടെ വിവിധഭാഷകളിൽ അനായാസമായി സംസാരിച്ചാണ് തട്ടിപ്പു നടത്തുന്നത്.

സംസാരത്തിനിടയിൽ ഇടപാടുകാരിൽനിന്ന് തന്ത്രപൂർവം ഒ.ടി.പി. നമ്പർ ചോദിച്ച് മനസ്സിലാക്കും. ഉടൻതന്നെ ഡൽഹിയിൽനിന്ന് ഓൺലൈൻ വലറ്റുകളിലേക്ക് പണം മാറ്റും.

## പണംതട്ടാൻ ജോലിക്കാരും

തട്ടിപ്പിനായി വിവിധ സംസ്ഥാനങ്ങളിലേക്ക് നിയോഗിച്ചിട്ടുള്ള സംഘാംഗങ്ങൾക്ക് 30,000 രൂപ വരെ ശമ്പളവും കൂടാതെ കമ്മീഷനും നൽകിയിരുന്നു.

ഒരാൾക്ക് ഏഴു മുതൽ 10 ലക്ഷം രൂപ വരെയാണ് ടാർജറ്റ് ഇടുന്നത്. ഇത് തികയ്ക്കുന്നവർക്ക് ഇൻസെന്റീവും നൽകുന്നുണ്ടെന്ന് പോലീസ് പറഞ്ഞു. ഇയാളിൽനിന്ന് നിരവധി എ.ടി.എം. കാർഡുകളും, വ്യാജ തിരിച്ചറിയൽ കാർഡുകളും പിടിച്ചെടുത്തിട്ടുണ്ട്. വ്യാജ അഡ്രസിലുള്ള സിംകാർഡുകളാണ് ഉപയോഗിച്ചിരുന്നത്.

ഡിവൈ.എസ്.പി. ആർ. ജോസ്, സി.ഐ. ഇ.ഡി.ബിജു, എസ്.ഐ., സജീഷ്കുമാർ, വിജയകുമാർ, എ.എസ്.ഐമാരായ ശ്യാംലാൽ, അജി സാമുവൽ, രാധാകൃഷ്ണൻ, വിനോദ്, രാജേന്ദ്രൻ, സുനിൽ കുമാർ, രാജേന്ദ്രൻപിള്ള എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.